**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3164</u>** **<u>11-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ടൂറിസം പ്രമോഷൻ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2021-മുതൽ നാളിതുവരെ വിവിധ ജില്ലകളിലായി ടൂറിസം പ്രമോഷനുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിവിധ ജില്ലകളിലെ ടൂറിസം പ്രാധാന്യമുള്ള ഉത്സവങ്ങൾ, വള്ളംകളികൾ, പൂരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഫെസ്റ്റിവൽ കലണ്ടർ, ഇവന്റ് കലണ്ടർ എന്നിവ തയ്യാറാക്കി പ്രചരണം നൽകി വരുന്നു. DTPC കൾക്ക് പ്രത്യേക വെബ് സൈറ്റ് തയ്യാറാക്കുകയും ടൂറിസം പ്രചരണ പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്നു.<br><br>കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലെ അറിയപ്പെടാത്തതും എന്നാൽ ടൂറിസം പ്രാധാന്യമുള്ളതുമായ ടൂറിസം കേന്ദ്രങ്ങൾക്ക് കൂടുതൽ പ്രചാരണം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ലോക പ്രശസ്തരായ വ്ലോഗർമാരെ എത്തിച്ച് ടൂറിസം കേന്ദ്രങ്ങളുടെ പ്രചരണ പരിപാടിയും സംഘടിപ്പിക്കുന്നുണ്ട്. വിവിധ ടൂറിസം കേന്ദ്രങ്ങൾ പരിചയപ്പെടുത്തുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ജില്ലകളിലെ ടൂറിസം പ്രാധാന്യമുള്ള കേന്ദ്രങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ജില്ലകളുടെ ഇ-ബ്രോഷറുകൾ തയ്യാറാക്കി വിനോദ സഞ്ചാര വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ പ്രചരണം നൽകി വരുന്നു.<br><br>ഓണാഘോഷം അതാത് ജില്ലാ ഡിടിപിസി-യുമായി സഹകരിച്ചുകൊണ്ട് വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട സാംസ്കാരിക ഉത്സവങ്ങൾ, ജലോത്സവങ്ങൾ എന്നിവയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ധനസഹായം നൽകിവരുന്നു. വിവിധ ജില്ലകളിലെ ടൂറിസം സാധ്യതകളെ പ്രചരിപ്പിക്കുന്നതിന് സോഷ്യൽ മീഡിയയുടെ സഹായം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് 'എന്റെ കേരളം എന്നും സുന്ദരം ക്യാമ്പയിൻ' നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ DTPC കളുടെ നേതൃത്വത്തിൽ തനതായ പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ഈ കാലയളവിൽ പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (ബി) | വിനോദസഞ്ചാര വകുപ്പ് 2021 കാലയളവിൽ പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി 14 ജില്ലകളിലായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി "വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കൽ, നിലവാരം മെച്ചപ്പെടുത്തൽ" എന്ന ശീർഷകത്തിൽ നിന്നും സർക്കാർ ഉത്തരവ്/ ഭരണാനുമതി പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഓരോ |

വർഷവും പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി വിനിയോഗിച്ച തുകയുടെ വിവരം ലക്ഷത്തിൽ ചുവടെ ചേർക്കുന്നു.

2021-22 – 10218.924

2022-23 – 7803.6

2023-24 – 8812.97

2024-25 – 8370.023

കൂടാതെ 2021 മുതൽ ടൂറിസം പ്രമോഷൻ കൗൺസിലുകൾ മുഖേന പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി വിനിയോഗിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ജില്ല | വിനിയോഗിച്ചിട്ടുള്ള തുക |
|---|---|---|
| 1. | തിരുവനന്തപുരം | Nil |
| 2. | കൊല്ലം | 35,78,443/- |
| 3. | പത്തനംതിട്ട | 7,41,529/- |
| 4. | ആലപ്പുഴ | Nil |
| 5. | കോട്ടയം | 1,46,99,209/- |
| 6. | ഇടുക്കി | 76,69,053/- |
| 7. | എറണാകുളം | 42,56,062/- |
| 8. | തൃശ്ശൂർ | 11,77,13,480/- |
| 9. | പാലക്കാട് | 11,79,83,068/- |
| 10. | മലപ്പുറം | 3,28,89,308/- |
| 11. | കോഴിക്കോട് | 17,04,27,176/- |
| 12. | വയനാട് | 2,32,00,000/- |
| 13. | കണ്ണൂർ | Nil |
| 14. | കാസർഗോഡ് | 1,23,83,137/- |

സെക്ഷൻ ഓഫീസർ